പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 1535

03.05.2017-ൽ മറുപടിയ്ക്ക്

## പോക്സോ നിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട ആദിവാസി യുവാക്കൾക്ക് നിയമപരിരക്ഷ നൽകുന്നതിന് നിർദ്ദേശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കൃഷ്ണൻ കുട്ടി<br>ശ്രീ. കെ. ബി. ഗണേഷ് കുമാർ<br>ശ്രീ. സി.കെ. നാണു | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) പരമ്പരാഗത രീതിയിൽ വിവാഹിതരായ എത്ര ആദിവാസി യുവതീ യുവാക്കൾ പോക്സോ നിയമ പ്രകാരം കേരളത്തിൽ വിവിധ ജയിലുകളിൽ ജാമ്യമില്ലാതെ കഴിയുന്നുണ്ട് ; ഇവരുടെ മോചനത്തിനും ജാമ്യം ലഭ്യമാക്കുന്നതിനും ഇതേവരെ എന്തു നടപടി സ്വീകരിച്ചു എന്നും എത്ര പേർ മോചിതരായി എന്നും വ്യക്തമാക്കുമോ ; നിർദ്ദേശം | (എ) പരമ്പരാഗത രീതിയിൽ വിവാഹിതനായതിനെ തുടർന്ന് പോക്സോ നിയമ പ്രകാരം കേരളത്തിലെ ജയിലുകളിൽ ഒരാൾ മാത്രമാണ് കഴിയുന്നത്. 12.08.2016 -ന് വിയ്യൂർ ജയിലിൽ പ്രവേശിപ്പിക്കപ്പെട്ട R.P No. 502 അശോകൻ S/o തങ്കപ്പൻ, 23 വയസ്സ്, മുതുവൻ വിഭാഗം, ഉറയൻപ്പെട്ടി ആദിവാസി കോളനി, കുട്ടൻപുഴ പഞ്ചായത്ത്, എറണാകുളം എന്ന പ്രതിയാണ് ഇപ്രകാരം ജയിലിൽ കഴിയുന്നത്. ടിയാന്റെ കേസ് നടക്കുന്ന ബഹു.തൃശ്ശൂർ ആഡീഷണൽ സെഷൻസ് I കോടതി ടിയാന് വേണ്ടി അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെപ്പറ്റിയും ശൈശവ വിവാഹത്തിന്റെ ആരോഗ്യപ്രശ്നങ്ങളെപ്പറ്റിയും അവബോധം നൽകാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; നിയമത്തിന്റെ അജ്ഞത മൂലം മുൻപ് വിവാഹിതരായ ആദിവാസി യുവാക്കൾക്ക് നിയമ | (ബി) & (സി) ഈ സ്ഥിതി വിശേഷം ഒഴിവാക്കാൻ പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്നാണ് സമീപകാലത്തെ സംഭവങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ ശൈശവ വിവാഹം നിരോധിക്കുകയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നതും ഗുരുതരമായ കുറ്റങ്ങളായതിനാൽ ഇക്കാര്യത്തിൽ ഊർജ്ജിതമായ ബോധവൽക്കരണ പരിപാടികളാണ് ഫലപ്രദമാകുക. കേരളത്തിലെ |

പരിരക്ഷ നൽകുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ ; ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ ;

(സി) നിയമത്തിലെ അജ്ഞത മൂലം മുൻപ് വിവാഹിതരായ ആദിവാസി യുവതീ യുവാക്കൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ജില്ലാ ഭരണകൂടത്തിനോ ജില്ലാ പോലീസ് മേധാവിക്കോ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ആദിവാസികളിൽ 40 ശതമാനത്തോളം വസിക്കുന്ന വയനാട് ജില്ലയിൽ 3201 പട്ടിക വർഗ്ഗ പട്ടിക ജാതി കോളനികളാണുള്ളത്. ആയതിൽ 2975 കോളനികൾ പട്ടിക വർഗ്ഗ കോളനികളാണുള്ളത്. ഈ കോളനികളിൽ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന പണിയർ, നായ്ക്കർ, കാട്ടു നായ്ക്കർ, തേൻ കുറുമർ തുടങ്ങി ഏറ്റവും താഴെക്കിടയിലുള്ള ഈ വിഭാഗം സാമ്പത്തികമായും സാമൂഹികമായും ഇന്നും പിൻനിരയിൽ തന്നെയാണ്. അതുകൊണ്ടു തന്നെ നിലവിലുള്ള നിയമത്തിന്റെ കാര്യങ്ങൾ അവർക്ക് ബോധ്യമില്ല. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ഗോത്രാചാര പ്രകാരം വിവാഹം ചെയ്ത കുറ്റത്തിന് അവരുടെ ഭർത്താക്കന്മാർ ജയിലിൽ കിടക്കുന്നതിനാൽ ഈ പെൺകുട്ടികളിൽ ചിലർ ഇപ്പോഴും പുനരധിവാസ കേന്ദ്രങ്ങളിലാണ് കഴിഞ്ഞു വരുന്നത്. ഇത്തരം സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പ് ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെക്കുറിച്ചും ശൈശവ വിവാഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും അവബോധം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതി, എസ്.സി /എസ് റ്റി മോണിറ്ററിംഗ് കമ്മറ്റി എന്നീ പദ്ധതികളി ലൂടെ ആദിവാസി കോളനി സന്ദർശിച്ച് ഈ നിയമത്തെക്കുറിച്ചും സ്ത്രീ സുരക്ഷയെക്കുറിച്ചും ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ഗൗരവകരമായ ഇടപെടലുകൾ നടത്തുന്ന കാര്യവും അതനുസരിച്ച് ജില്ലാ ഭരണകൂടങ്ങൾക്കും ജില്ലാ പോലീസ് മേധാവിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ